# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2295 08.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

**എൻ.ആർ.എച്ച്.എം. ന്റെ 33 പദ്ധതികൾ**

ചോദ്യം / മറുപടി

ശ്രീമതി. കെ. എസ്. സലീഖ :

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) എൻ.ആർ.എച്ച്.എം. നടപ്പിലാക്കി വരുന്ന 33 പദ്ധതികളിൽ ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും ഓരോ പദ്ധതിക്കുമായി എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവാക്കിയെന്നും കേന്ദ്ര, സംസ്ഥാന വിഹിതം ഉൾപ്പെടെ വ്യക്തമാക്കാമോ ;

(എ) ദേശീയ ആരോഗ്യ മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളും ചെലവാക്കിയ തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 -ആയി ചേർക്കുന്നു.

(ബി) ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി നിയോഗിക്കപ്പെട്ട സർക്കാർ ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും വിവരം വെളിപ്പെടുത്തുമോ ; 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ശമ്പളയിനത്തിലും മറ്റുമായി ഇവർക്കായി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ നടത്തിപ്പിനായി നേരിട്ട് നിയമിച്ച ജീവനക്കാരുടെ ശമ്പളവും മറ്റു ചെലവുകളും സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയുടെ നടത്തിപ്പിനായി നേരിട്ട് നിയമിച്ച ജീവനക്കാരുടെ ശമ്പളവും മറ്റു ചെലവുകളും (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-12 | 6098.53 |
| 2012-13 | 10276.38 |
| 2013-14 | 10058.80 |
| 2014-15 | 9956.68 |
| **ആകെ** | 36390.39 |

ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട സർക്കാർ ജീവനക്കാരുടേയും താൽക്കാലിക ജീവനക്കാരുടേയും വിവരം അനുബന്ധം - 2 ആയി ചേർക്കുന്നു.

(.....2)

| | | | |
|---|---|---|---|
| (സി) | പ്രസ്തുത 33 പദ്ധതികൾക്കുമായി ഓരോ ജില്ലയിലും നടത്തിയ പ്രവർത്തന റിപ്പോർട്ട് 2011-12 മുതൽ 2014-15 വരെ വർഷം തിരിച്ച് വ്യക്തമാക്കാമോ ; | (സി) | ജില്ലകളിൽ നിന്നുള്ള വിവരങ്ങൾ അനുബന്ധം 3 -ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത നാലുവർഷക്കാലയളവിൽ പദ്ധതി നടത്തിപ്പുകൾക്ക് നേരിട്ട പ്രതിസന്ധികളും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ; | (ഡി) | പ്രതിസന്ധികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കേന്ദ്ര ഫണ്ട് ട്രഷറി സംവിധാനത്തിലാക്കിയത് എന്നു മുതലാണെന്നും തത്ഫലമായി ഫലപ്രദമായ പദ്ധതി നടത്തിപ്പ് സാധ്യമായോയെന്നും തന്മൂലം തടസ്സങ്ങൾ നേരിട്ടോയെന്നും വിശദമായ റിപ്പോർട്ട് നൽകാമോ ? | (ഇ) | കേന്ദ്ര ഫണ്ട് ട്രഷറി വഴി അനുവദിച്ചു തുടങ്ങിയത് 2014-15 മുതലാണ്. അംഗീകരിച്ച പദ്ധതികളുടെ തുക യഥാസമയം ലഭിക്കാൻ കുറച്ച് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും പദ്ധതികളുടെ നടത്തിപ്പിൽ തടസ്സങ്ങൾ നേരിട്ടിട്ടില്ല. |
| (എഫ്) | എൻ.ആർ.എച്ച്.എം. പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള പ്രതിസന്ധികളും നടത്തിപ്പുകളും സംബന്ധിച്ച് ഒരു വിദഗ്ദ്ധ സംഘത്തിന്റെ പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (എഫ്) | പ്രതിസന്ധികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ